## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 193      14.07.2016- ൽ മറുപടിക്ക്

## "ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള കേന്ദ്രസഹായം"

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്
,, റ്റി.വി.രാജേഷ്
,, ഐ.ബി. സതീഷ്
,, ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നതാണെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് ക്ലസ്റ്റർ ഡെവലപ്മെന്റ് (MSE-CDP), കോമൺ ഫെസിലിറ്റി സെന്റർ വികസനം (MSE-CFC) തുടങ്ങിയ പ്രോജക്റ്റുകൾക്കും കൂടാതെ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അധിക സഹായ ഇനത്തിലുമാണ് കേന്ദ്രസഹായം ലഭിച്ചുവരുന്നത്. സംസ്ഥാനത്ത് ഇതു വരെ 15 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ(CFC) സ്ഥാപിക്കുവാൻ കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് 70% മാണ് കേന്ദ്ര സഹായം. ഇതിൽ 8 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു.<br><br>വ്യവസായ വികസനത്തിനുള്ള അധികകേന്ദ്രസഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം, 2012-13 ൽ 1500 ലക്ഷം, 2013-14 -ൽ 449.83 ലക്ഷം, 2015- |

| | | | |
|---|---|---|---|
| | | | 16 ൽ 530 ലക്ഷം എന്നീ ക്രമത്തിൽ ലഭിച്ചിട്ടുണ്ട്.<br><br>60% കേന്ദ്രസഹായമുള്ള MSE-CDP പദ്ധതിയിൻ കീഴിൽ ഡെവലപ്പ്മെന്റ് പ്ലോട്ട്/ഡെവലപ്പ്മെന്റ് ഏരിയകളിൽ പശ്ചാത്തല സൗകര്യ വികസനത്തിന് കേന്ദ്ര സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് പദ്ധതികൾക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതു കൂടാതെ MSE-CDP പദ്ധതിയിൻ കീഴിൽ അധിക സാമ്പത്തിക സഹായമായി 2013-14 ൽ 18 ലക്ഷം രൂപയും 2015-16 ൽ 400 ലക്ഷം രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. |
| ബി) | പി.എം.ഇ.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സ്റ്റാർട്ട് അപ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | പി.എം.ഇ.ജി.പി പദ്ധതിയിൽ സ്റ്റാർട്ട് അപ്പ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) | പുതിയ സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി വ്യവസായിക വികസനം സാധ്യമാക്കുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | ഗവേഷണ സ്ഥാപനങ്ങളിലേയും സാങ്കേതിക സ്ഥാപനങ്ങളിലെയും ഗവേഷണഫലങ്ങൾ വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ടെക്നോളജി ഇൻക്യുബേഷൻ സെന്റർ, എന്റർപ്രണർ ഗൈഡൻസ് സെൽ എന്നിവ മുഖേനയുള്ള ഹാന്റ് ഹോൾഡിംഗ് സർവ്വീസുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 20.12.2012 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കി ഉൽപാദനം നടത്തുന്ന വ്യവസായ സംരംഭങ്ങൾക്ക് സ്ഥിരാസ്ഥികളിലുള്ള നിക്ഷേപത്തിന്റെ 10% |

| | | | |
|---|---|---|---|
| | | | (പരമാവധി പത്ത് ലക്ഷം രൂപ) അധിക സഹായമായി നൽകുന്നു. യുവ സംരംഭകരെ വളർത്തി യെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കു ന്നതിനുമായി സ്കൂൾ, കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലബുകൾ (ഇ.ഡി. ക്ലബ്) പ്രവർത്തി ച്ചു വരുന്നു. കേരള എന്റർപ്രണ ർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർ മാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**